# ഇതു് നിങ്ങളുടെ യുദ്ധമാണു്

ഡോ: കെ. ഭാസ്കരൻനായർ

ഭൂനിയമങ്ങൾ വന്നു് ദേവന്മാരെല്ലാം പട്ടിണിയാകുന്നതിനുമുമ്പു് കേരളത്തിലെ ക്ഷേത്രങ്ങളിൽ ധാരാളം ചോറുണ്ടായിരുന്നു. പുഴുങ്ങിക്കുത്തി തവിടുകളഞ്ഞു് വെളുപ്പിച്ചെടുക്കുന്ന അരിയല്ല, ഉണക്കലരി എന്നു പറയുന്ന പച്ചരിയാണു് അതിനുപയോഗിച്ചിരുന്നതു്. വാക്കാതെ വററിച്ചെടുക്കുന്ന ഈ ചോറിന്റെ നിറം ചുവപ്പായിരിക്കും. വൃത്താകൃതിയിലുള്ള 'പട'കളായിട്ടാണു് ഇങ്ങനെയുണ്ടാക്കുന്ന നിവേദ്യം അവകാശക്കാർക്കു് വീതിച്ചുവന്നതു്. നല്ല പോഷകശക്തിയുള്ള ആഹാരമാണു്. ഉപ്പും പച്ചമുളകും വളരെയധികം വെള്ളംചേർത്തു് സംഭാരമാക്കിയ മോരുംകൂട്ടി സുഖമായി ഉണ്ണാം. അമ്പലവാസികൾ മാത്രമല്ല, അമ്പലത്തിന്റെ പരിസരത്തിൽ വസിക്കുന്നവരും, ദൂരദിക്കുകളിൽ നിന്നു് തൊഴാൻ വരുന്നവരും, എല്ലാം ഇതൊരു വലിയ അനുഗ്രഹമായി കരുതിയിരുന്നു. അദ്ധ്വാനിക്കാതെ കിട്ടുന്ന ഈ ഊണിനു് 'പട വെട്ടുക' എന്നൊരു പേരും കാലക്രമേണ നിലവിൽ വന്നു.


അടങ്ങാത്ത കുടിപ്പകമൂലം എന്നും കലഹത്തിൽ കഴിഞ്ഞിരുന്ന കൊച്ചു കൊച്ചു രാജ്യങ്ങളായി ഭിന്നിച്ചു കിടന്ന കേരളം, കാലംമാറി ഏറെക്കുറെ ശാന്തമായപ്പോൾ ജനങ്ങളുടെ ഇടയ്ക്കു് പയററും പടയോട്ടങ്ങളുമെല്ലാം പഴങ്കഥകളായിത്തീർന്നു.

> പാവന ദിനാന്തത്തിൽ ശ്രീരാമനാമം ചൊല്ലും
> നാവിനാൽ പെരുംപോരിൻ വായ്ത്താരിയുരപ്പാനും,
> ഇഴകിച്ചേർന്നോരങ്കപ്പടവാളിലെച്ചോര
> കഴകിക്കയ്യിൽ പുഞ്ചക്കലപ്പ പിടിപ്പാനും,
> കൊയ്ത്തു കാലത്തു കൊച്ചു പരുക്കൻതോർത്തും, കാവി-
> വസ്ത്രവുമങ്കപ്പട്ടുമൊപ്പമേ ധരിപ്പാനും,
> ത്യാഗത്തെയർച്ചിപ്പാനും.........

അഭ്യസിച്ച പൂർവികന്മാരുടെ പാരമ്പര്യങ്ങൾ വിസ്മൃതമായി. പോരാട്ടം 'ഉണക്കപ്പട'യോടും ത്യാഗബുദ്ധി ഭഗവാന്റെ നേർക്കുമായി. വാളും പരിചയും തട്ടിൻപുറത്തു കിടന്നു് തുരുമ്പു പിടിച്ചു. ജനങ്ങൾ സുഖത്തെ മാത്രം വിലമതിക്കുന്ന സ്വാർത്ഥമൂർത്തികളായി. ഭീരുത്വത്തിനു് മാന്യതയും ലഭിച്ചു.

ഇതുപോലെ ഒരു പരിണാമം നമ്മുടെ കാലത്തു് സമരം എന്ന സങ്കല്പത്തിനും വന്നിരിക്കുകയാണു്. ആ പദത്തിന്റെ അർത്ഥം യുദ്ധം എന്നാണെങ്കിലും, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം എല്ലാവർക്കും നിത്യത്തൊഴിലായിത്തീർന്നിരിക്കുന്ന 'സമര'ങ്ങളുടെ സവിശേഷസ്വഭാവം മൂലം യുദ്ധം എന്നതു് എത്രയോ ലഘുവായ ഒരേർപ്പാടാണെന്ന ധാരണ പരക്കെയുണ്ടു്. യുദ്ധത്തിൽ കൊടിനാട്ടുന്നതു് ഒടുവിൽ, ജയിക്കുമ്പോൾ, ആണെങ്കിൽ, 'സമര'ത്തിൽ മറിച്ചാണു്. കൊടിയാണു് ആദ്യം ഉയരുന്നതു്. തുടങ്ങുന്നതിനു മുമ്പുതന്നെ ജയിച്ചു എന്നായിരിക്കാം ഇതിന്റെ സൂചന! കൊടിക്കു പുറമേ വേണ്ടതു് കണ്ഠക്ഷോഭത്തിനുള്ള കരുത്താണു്. വിളിക്കാനും ഏററുവിളിക്കാനും ആളുണ്ടെങ്കിൽ ഇങ്ങിനെയുള്ള യുദ്ധത്തിനു വേണ്ട സന്നാഹങ്ങൾ മുഴുവനുമായി.

ഇത്തരം യുദ്ധം മാത്രമേ, എത്രയോ കാലമായി, കേരളീയരായ നാം കണ്ടിട്ടുള്ളു. പക്ഷേ ഇന്നിപ്പോൾ ഇന്ത്യയുടെ അതിർത്തിയിൽ ശരിയായ യുദ്ധം തുടങ്ങിയിരിക്കുന്നു. എന്നിട്ടും, കൂടക്കൂടെ റേഡിയോ വാർത്തകൾ കേൾക്കണമെന്നല്ലാതെ നമുക്കാർക്കും വിശേഷവിധിയായി എന്തെങ്കിലും ചുമതലയും ബാദ്ധ്യതയും ഉണ്ടായതിന്റെ ലക്ഷണമില്ല. പക്ഷേ, ഈ യുദ്ധം കൊടിയും കണ്ഠക്ഷോഭവും കൊണ്ടുള്ള 'സമര'മല്ല. സമരം ചെയ്യുന്നവനും കണ്ടുനിൽക്കുന്നവനും മാത്രമല്ല, ഈ രാജ്യത്തെ 55 കോടി ജനങ്ങൾക്കും ആപത്തു വരുത്തുന്ന പെരുംപോരാണു്. പാക്കിസ്ഥാന്റെ ആക്രമണത്തിൽനിന്നു് മാതൃഭൂമിയെ രക്ഷിക്കുവാൻ വേണ്ടി നമ്മുടെ സൈന്യം മരണത്തെ തൃണവൽഗണിച്ചു് പ്രത്യാക്രമണം നടത്തുകയാണു്. ഈ സൈന്യം ജീവനില്ലാത്ത ഒരു യന്ത്രമല്ല. നിങ്ങളെയും എന്നെയും പോലെ അമ്മമാർ പ്രസവിച്ച, ദുഃഖവും വേദനയുമുള്ള മനുഷ്യരാണു്. അവരെ കൊല്ലുവാൻ കാത്തുനിൽക്കുന്ന ശത്രുക്കളുടെ നേർക്കാണു് അവർ കുതിച്ചു ചെല്ലുന്നതു്. ശത്രു, തന്നെ കൊല്ലുന്നതിനുമുമ്പു് അവനെ കൊല്ലണമെന്നാണു് ഓരോ





Digitized by Kerala Sahitya Akademi

(19-ാം പേജിന്റെ തുടർച്ച)

മുൻപ് ഒരു ദൂതനെ ശത്രുപക്ഷത്തേയ്ക്കയയ്ക്കേണ്ടതുണ്ടായിരുന്നു. ബാലിപുത്രനായ അംഗദനെയാണ് ശ്രീരാമൻ ഇതിനായി നിയോഗിച്ചത്. അംഗദൻ രാവണന്റെ അരമനയിലെ സിംഹാസനത്തിനു തൊട്ടുമുമ്പിൽ തന്റെ വാലുകൊണ്ടു ഒരു പീഠം നിർമ്മിച്ച് അതിലിരുന്നുകൊണ്ട് രാവണനെ രാമസന്ദേശമറിയിച്ചു. സീതാദേവിയെ ഭദ്രമായി തിരിച്ചേൽപ്പിക്കുകയും ചെയ്തുപോയ അപരാധങ്ങൾക്ക് മാപ്പു ചോദിക്കുകയും ചെയ്യാത്തപക്ഷം യുദ്ധത്തിനൊരുങ്ങിക്കൊള്ളണമെന്നതായിരുന്നു ആ സന്ദേശം. രാവണൻ ഇതുകേട്ട് ദേഷ്യം കൊണ്ടലറി. രാമലക്ഷ്മണന്മാരെ ഭസ്മമാക്കിക്കളയുമെന്നാക്രോശിച്ചു.

പിന്നെ താമസമുണ്ടായില്ല; യുദ്ധം ആരംഭിച്ചു. രാക്ഷസസൈന്യവും വാനരസൈന്യവും തമ്മിൽ ഏറ്റുമുട്ടി. ഒന്നാം ദിവസത്തെ യുദ്ധം ഘോരമായിരുന്നു. രാക്ഷസസേനയിലെ പല പ്രമാണികളും യുദ്ധക്കളത്തിൽ മരിച്ചുവീണു. ശേഷിച്ച സൈന്യം പേടിച്ച് ഓടിപ്പോയി.



രാവണനും അംഗദനും

വില്ലാളിവീരനായ ഇന്ദ്രജിത്തിന്റെ നേതൃത്വത്തിലാണ് പിറ്റേദിവസം വാനരസൈന്യം യുദ്ധത്തിനു വന്നത്. ബ്രഹ്മാസ്ത്രം പ്രയോഗിച്ച് ഇന്ദ്രജിത്ത് വാനരസേനയേയും, രാമലക്ഷ്മണന്മാരെത്തന്നെയും വീഴ്ത്തിക്കളഞ്ഞു. യുദ്ധക്കളത്തിൽ നിന്നും ഒഴിഞ്ഞുമാറി നിന്നിരുന്ന വിഭീഷണനും, ബ്രഹ്മാവിന്റെ പുത്രനും ചിരഞ്ജീവിയുമായ ജാംബവാനും മാത്രമാണ് ഇന്ദ്രജിത്തിന്റെ അസ്ത്രപ്രയോഗത്തിൽ നിന്നു രക്ഷപ്പെട്ടത്. ആ വിവരമറിയാതെ, ശത്രുക്കളെല്ലാം മരിച്ചുകഴിഞ്ഞു എന്ന വിശ്വാസത്തിൽ ജയഭേരിയുമടിച്ച് ഇന്ദ്രജിത്ത് പടക്കളം വിട്ടു. അച്ഛനെക്കണ്ട് വിജയവൃത്താന്തമറിയിച്ച ഇന്ദ്രജിത്തിനെ രാവണൻ ഗാഢമായി പുണർന്നു. രാക്ഷസന്മാരെല്ലാം സന്തോഷത്തോടും സമാധാനത്തോടുംകൂടി ഉറങ്ങാൻ പോയി.

വീണുകിടക്കുന്ന വാനരസൈന്യത്തിന്റെ ഇടയിലൂടെ കൂറ്റാക്കൂറ്റിരുട്ടത്ത് വിഭീഷണൻ തപ്പിത്തടഞ്ഞു നടന്നു. വളരെ പ്രയാസപ്പെട്ട് അദ്ദേഹം ജാംബവാനെ കണ്ടുപിടിച്ചു. ഹനുമാൻ ജീവിച്ചിരിപ്പുണ്ടോ എന്നതായിരുന്നു ജാംബവാന്റെ ആദ്യത്തെ ചോദ്യം. ഹനുമാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ മാത്രമേ തങ്ങൾക്ക് ഈ പ്രതിസന്ധി തരണംചെയ്യാൻ പറ്റുകയുള്ളൂ എന്നു ജാംബവാൻ അറിയിച്ചു. അവർ ഹനുമാനെ തപ്പിനടന്നു. ഹനുമാനെ മയക്കം ബാധിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ. ഉറക്കെ തട്ടിവിളിച്ചപ്പോൾ, മയക്കം വിട്ടെഴുന്നേറ്റ ഹനുമാനോട് ജാംബവാൻ ഇങ്ങനെ പറഞ്ഞു:

''കൈലാസപർവ്വതത്തിനരികിലുള്ള ഋഷഭാദ്രിയിൽ നാലു ദിവ്യൗഷധങ്ങൾ നിൽപ്പുണ്ട്. അവയിൽ മൃതസഞ്ജീവനി എന്ന ഔഷധം നീ ഉടൻതന്നെ പോയി കൊണ്ടുവരണം. രാമലക്ഷ്മണന്മാരേയും നമ്മുടെ കൂട്ടുകാരേയും രക്ഷിക്കാൻ അതേ വഴിയുള്ളൂ. ഒട്ടും സമയം കളയാതെ ക്ഷണം പുറപ്പെട്ടുകൊള്ളുക. നീ വിചാരിച്ചാൽ സാധിക്കാത്ത കാര്യമൊന്നുമില്ലല്ലൊ.''

ഹനുമാൻ ഉടൻതന്നെ പുറപ്പെട്ടു. ഈ വിവരം രാവണൻ എങ്ങിനെയോ അറിഞ്ഞു. കാലനേമി എന്ന ഒരു രാക്ഷസനെ വിളിച്ച്, ഹനുമാനെ കബളിപ്പിക്കാൻ ശട്ടംകെട്ടി ഋഷഭാദ്രിയിലേയ്ക്കയച്ചു. കാലനേമി ഒരു ഭിക്ഷുവിന്റെ വേഷത്തിൽ ഒരു കൃത്രിമ ആശ്രമവും നിർമ്മിച്ച് ഹനുമാന്റെ വരവും കാത്തിരിപ്പായി.



യുദ്ധം

മൂന്നുനാലു ചാട്ടംകൊണ്ട് ഋഷഭാദ്രിയിലെത്തിയ ഹനുമാൻ, മാർഗ്ഗമദ്ധ്യേ ഒരു ആശ്രമം കണ്ട് അവിടത്തെ താപസനെ കണ്ടു വന്ദിച്ചുപോകാമെന്നു കരുതി അങ്ങോട്ടു കയറി. കാലനേമി എന്ന ആ കപടമുനി ഹനുമാനെ ഹൃദ്യമായി സ്വീകരിച്ചു. രാമന്റെ ദിവ്യശക്തിമൂലം വാനരസൈന്യവും ലക്ഷ്മണനുമെല്ലാം മോഹനിദ്രവിട്ടുണർന്നതായി തന്റെ ദിവ്യദൃഷ്ടികൊണ്ടു കാണുന്നു എന്നു മുനി ഹനുമാനോടു പറഞ്ഞു.

പാവം ഹനുമാൻ മുനിയുടെ വാക്കു വിശ്വസിച്ചു. കഠി

(ശേഷം 25-ാം പേജിൽ)



Digitized by Kerala Sahitya Akademi

ജവാന്റെയും ഉന്നം. ഭയാനകമായ ഈ മരണക്കളിയിൽ ഇന്ത്യയിലെ ഓരോ പൗരനും മനസ്സുകൊണ്ടെങ്കിലും തന്റെ കൂടെയുണ്ടെന്നും, തന്റെ ധീരതയ്ക്കും ത്യാഗത്തിനും ഈ രാജ്യത്തെ ജനങ്ങൾ എന്നെന്നും കടപ്പെട്ടിരിക്കുമെന്നും അവൻ വിശ്വസിക്കുന്നു. ഈ വിശ്വാസം ഒരു മിഥ്യയല്ലെന്നു് ഓരോ ഭാരതീയനും തെളിയിക്കേണ്ട സന്ദർഭമാണിതു്. അതിമഹത്തായ ഒരു കർത്തവ്യം നമുക്കു് നിർവഹിക്കേണ്ടിയിരിക്കുന്നു. ശത്രുവിന്റെ മുമ്പിലേയ്ക്കു തള്ളിവിട്ടിരിക്കുന്ന ഈ കൂടപ്പിറവികൾക്കു വേണ്ടി, എന്തു ത്യാഗവും സഹിക്കുവാൻ നാം സന്നദ്ധരാകണം. ഇതൊന്നും നമ്മെ ബാധിക്കുകയില്ലെന്നു കരുതി ലഘുബുദ്ധിയോടെ ജീവിക്കരുതു്.

പാക്കിസ്ഥാൻ ഒരു ചെറിയ രാജ്യമാണെങ്കിലും വൻശക്തികൾ അവരുടെ പിൻതുണയ്ക്കു് തയ്യാറായി നിൽക്കുന്നുണ്ടു്. സ്വന്തം രാജ്യക്കാരെന്നു പറയുന്ന ബംഗ്ലാദേശിലെ ജനങ്ങളോടു് അവർ ചെയ്ത കടുംകൈകൾ ഓർമ്മിക്കണം. നിരായുധരായ പത്തു ലക്ഷം ജനങ്ങളെയാണു്, എതിർത്തു വോട്ടുചെയ്തു എന്ന കാരണം പറഞ്ഞു്, അവർ 1971 മാർച്ചു മാസത്തിനിപ്പുറം കൊന്നൊടുക്കിയതു്. വൃദ്ധജനങ്ങളും സ്ത്രീകളും കുട്ടികളുമടക്കം ഒരു കോടി സ്വജനങ്ങളെ വീടും കുടിയും ഇളക്കി ഇന്ത്യയിലേയ്ക്കു് അവർ ആട്ടിപ്പായിച്ചു. ഒരു കോടി എന്നു പറയുന്നതു് നമ്മുടെ ഈ കേരളസംസ്ഥാനത്തെ ജനസംഖ്യയുടെ പകുതിയോളം വരുമെന്നു് മനസ്സിലാക്കണം. കണ്ണിൽ ചോരയില്ലാത്ത ഒരു ശത്രുവിനെയാണു് നാം നേരിടുന്നതു്. നമ്മുടെ സഹിഷ്ണതയും സംസ്കാരവുമാണു് അവനു് തീരെ സഹിക്കാത്തതു്. പണത്തിന്റെ മുഷ്ക്കുകൊണ്ടു് ലോകത്തെ മുഴുവൻ കീഴടക്കിക്കളയാമെന്നു വ്യാമോഹിക്കുന്ന അമേരിക്കക്കാരനും അതു് സഹിക്കുന്നില്ല. നമ്മുടെ രാജ്യത്തേയ്ക്കുണ്ടായ ശരണാർത്ഥിപ്രവാഹം അവൻ കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നു; പാക്കിസ്ഥാനിലെ പട്ടാളഭരണത്തെ പിൻതാങ്ങുന്നു! ഏബ്രഹാം ലിങ്കൺ ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം എന്നു വാഴ്ത്തിയ വ്യവസ്ഥിതിക്കു വന്ന വൈകൃതം നോക്കുക!

ഇതു് സത്യത്തിൽ ഒരു ദേവാസുര യുദ്ധമാണു്. ഭൂതദയയുടെയും സമസൃഷ്ടസ്നേഹത്തിന്റെയും ശരണാഗതവത്സലത്വത്തിന്റെയും നിത്യഭാസുരമായ ദിവ്യസംസ്കാരം ഒരു വശത്തു നിൽക്കുന്നു. കൂടപ്പിറപ്പുകളെ കോടിക്കണക്കിൽ കശാപ്പു ചെയ്യുവാൻ കൂസലില്ലാത്ത അസുരസംസ്കാരം മറുവശത്തും. നോക്കിനിൽക്കുന്നവർ താന്താങ്ങളുടെ പാരമ്പര്യവും ജന്മവാസനകളും അനുസരിച്ചു് നന്മതിന്മകളുടെ ഈ പോരാട്ടത്തിൽ

(ശേഷം 39-ാംപേജിൽ)



Digitized by Kerala Sahitya Akademi

# ഗാന്ധിജിയും കസ്തൂർബാഗാന്ധിയും ടേബിൾ ടെന്നീസ് കളിച്ചു

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി ടേബിൾ ടെന്നീസ് കളിച്ചിരുന്നു എന്നു കേൾക്കുമ്പോൾ നിങ്ങൾക്ക് അത്ഭുതം തോന്നുന്നില്ലേ? ഗാന്ധിജിയും കസ്തൂർബാ ഗാന്ധിയും 1942-ൽ പൂനയിലെ ആഗഖാൻ കൊട്ടാരത്തിൽ തടവിൽ കഴിയുന്ന കാലത്താണ് കളി നടന്നതു്.

ആഗഖാൻ കൊട്ടാരത്തിലെ ഗോഡൗണിൽ ഒരു ദിവസം ഒരു ടേബിൾ ടെന്നീസ് ക്ലബ്ബ് ആരംഭിക്കാൻ കസ്തൂർബാഗാന്ധി തീരുമാനിച്ചു. ആ ക്ലബ്ബ് ഉൽഘാടനം ചെയ്യാൻ ഗാന്ധിജി സമ്മതിക്കുകയും ചെയ്തു.

ഗാന്ധിജി ഉൽഘാടനത്തിനു സമ്മതം മൂളിയതുതന്നെ ഒരു വ്യവസ്ഥയിലായിരുന്നു, മഹാത്മാഗാന്ധിയും കസ്തൂർബാ ഗാന്ധിയും തമ്മിൽ ഉൽഘാടനമത്സരം നടത്തണമെന്നതായിരുന്നു വ്യവസ്ഥ.

ക്ലബ്ബിന്റെ ഉൽഘാടന ദിനം ടേബിൾ ടെന്നീസ് മേശയുടെ ഒരു വശത്തു് അറുപത്തിനാലുകാരനായ ഗാന്ധിജി റാക്കറ്റുമായി നിലയുറപ്പിച്ചു. എതിർവശത്തു് കസ്തൂർബാ കളിക്കാനുള്ള പന്തുമായും നിലയുറപ്പിച്ചിരുന്നു.

അവസാനം കസ്തൂർബാ ടോസ്സ നേടി കളി ആരംഭിച്ചു. നിർഭാഗ്യവശാൽ കസ്തൂർബാ ആദ്യം അടിച്ച പന്തു് മഹാത്മാഗാന്ധിയുടെ കണ്ണാടി പോലുള്ള കഷണ്ടിത്തലയിലാണു കൊണ്ടതു്.

തുടർന്നു് കളി ഏതാനും നിമിഷം നിലച്ചുപോയി. കസ്തൂർബാ ഗാന്ധിജിയുടെ അടുത്തേയ്ക്കു് ഓടിച്ചെന്നു. തന്റെ ഷോട്ടിനെ തുടർന്നു് ഗാന്ധിജിയുടെ തലയ്ക്കു് പരുക്കു പററിക്കാണുമെന്ന സംശയത്തോടെ ആ പ്രിയപതി പരിശോധന നടത്തി. പക്ഷെ ഗാന്ധിജി തനിക്കൊന്നും സംഭവിച്ചില്ലെന്നു വ്യക്തമാക്കി. കളിയിൽനിന്നു പിന്മാറാൻ താൻ ഒരുക്കമല്ലെന്നും തറപ്പിച്ചു പറഞ്ഞു. ആ കളി വീണ്ടും തുടർന്നുപോയി.

★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★ ★

(23-ാംപേജിന്റെ തുടർച്ച)

പക്ഷം ചേരുന്നു. ഭൗതികമായ ഉൽക്കർഷത്തിനുവേണ്ടി അന്യരാജ്യങ്ങൾ കൈയേറിയവരും, സ്വർണ്ണം എന്നു പറയുന്ന മഞ്ഞനിറമുള്ള മൺകട്ടയ്ക്കുവേണ്ടി പ്രാചീന ജനങ്ങളെയും അവരുടെ സംസ്ക്കാരത്തെയും നശിപ്പിച്ചവരും പാക്കിസ്ഥാന്റെ കൂടെയുണ്ടു്. അടിമക്കച്ചവടം നടത്തി സമ്പത്തു നേടിയവരും, അടിമകളുടെ തന്നെ അനന്തരാവകാശികളും, അക്കൂട്ടത്തിൽ കൂടിയിരിക്കുന്നു. ഭാവിതലമുറകളെക്കുറിച്ചു് ചിന്തയില്ലാതെ, സുഖാന്വേഷണമാണ് മനുഷ്യജീവിതത്തിന്റെ പരമധർമ്മം എന്നു കരുതി ഭൂമിയിലെ വിഭവങ്ങൾ മുഴുവനും കൈയടക്കി ഈ തലമുറയിൽ തന്നെ തിന്നുതീർക്കുവാൻ ശ്രമിക്കുന്നവരും, മഹാസമുദ്രങ്ങളിൽപോലും വ്യവസായവിഷങ്ങൾ കലക്കുന്നവരും, എല്ലാം, ശത്രുപക്ഷത്തു് ചേർന്നിരിക്കുന്നു. സംശയം വേണ്ട. കാര്യം സ്പഷ്ടമാണ്. മനുഷ്യരാശിക്കു്, ''സർവഭൂതസ്ഥമാത്മാനം, സർവഭൂതാനി ചാത്മനി'' (തന്നെ സർവജീവികളിലും, സർവജീവികളെയും തന്നിലും) ദർശിക്കുന്ന ഭാരതീയ സംസ്ക്കാരമോ, സമസ്ത ചരാചരങ്ങളും സ്വാർത്ഥലോഭം സാധിക്കുന്നതിനുള്ള ഉപകരണങ്ങൾ മാത്രമാണെന്നു കരുതുന്ന അസുരസംസ്ക്കാരമോ വേണ്ടതെന്നുള്ള പരീക്ഷണമാണിതു്.

പുണ്യഭൂമിയായ ഭാരതത്തിനു മാത്രമല്ല, ലോകത്തിനു മുഴുവനും ഭാഗ്യദീപങ്ങളായ ബാലസുഹൃത്തുക്കളെ! കല്മഷം തീണ്ടാത്ത നിങ്ങളുടെ ഹൃദയത്തിന് ഈ പരീക്ഷണങ്ങളുടെ അർത്ഥമഹത്വം ക്ഷണേന മനസ്സിലാകും. ഈ മഹായുദ്ധം ഇന്നുകൊണ്ടോ ഇവിടെവച്ചോ തീരുകയില്ല. ഏറിയ കാലമായി മുതിർന്ന തലമുറകൾ കൈക്കൊണ്ടിരിക്കുന്ന കണ്ടകത്വത്തെ നാമാവശേഷമാക്കുവാനുള്ള മഹായത്നമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നതു്. മനുഷ്യവർഗ്ഗത്തിന് ശാപമായിത്തീർന്നിരിക്കുന്ന ഈ ദുഷ്ടതയുടെ സ്ഥാനത്തു് സ്നേഹത്തെ പ്രതിഷ്ഠിക്കുവാൻ നിങ്ങൾക്കല്ലാതെ ആർക്കു കഴിയും? നിങ്ങളുടെ തുടുതുടുത്ത ഹൃദയങ്ങളിൽ, പൂവിൽ മധുവെന്നപോലെ, സ്നേഹം ജനിക്കുന്നു. ഈ യുദ്ധത്തിൽ വിജയംനേടി, ദുഃഖത്തിലാണ്ട ലോകത്തെ സ്നേഹാത്മകസംസ്ക്കാരത്തിന്റെ സാന്ത്വനം നൽകി ഉദ്ധരിക്കുവാൻ നിങ്ങൾക്കു് സംഗതിയാകട്ടെ,

★ ★ ★

അച്ഛൻ—എന്റെ ഷേവിംഗ് ബ്രഷിന് എന്തോ കുഴപ്പമുണ്ടു്.

മകൻ—പക്ഷെ ഇന്നലെ ഞാൻ എന്റെ സൈക്കിൾ പെയിൻറു ചെയ്തപ്പോൾ അതിനൊരു കുഴപ്പവും ഇല്ലായിരുന്നല്ലോ അച്ഛാ.

ഒരു വലിയ എസ്റ്റേററിന്റെ വേലിക്കൽ വച്ചിരുന്ന ബോർഡിൽ ഇങ്ങനെ എഴുതിയിരുന്നു. ''അനങ്ങാത്ത യാതൊന്നിനെയും വെടിവെയ്ക്കാതിരിക്കുക. അതു് എസ്റ്റേററു് ജോലിക്കാരായിരിക്കും''.

നീന്തൽക്കാരൻ—ഞാൻ നീന്തുന്ന ഈ ഭാഗത്തൊക്കെ സ്രാവുകൾ ഉണ്ടോ?

അപരിചിതൻ—ഓ, ഇല്ല. മുതലകളെ പേടിച്ച് അവയൊന്നും ഈ ഭാഗത്തേയ്ക്കു് വരികയേ ഇല്ല.

വില്പനക്കാരൻ—കുട്ടിയുടെ അമ്മ വീട്ടിലുണ്ടോ?

കുട്ടി—ഉണ്ടു്.

വില്പനക്കാരൻ—(വളരെനേരം കതകിൽ തട്ടി വിളിച്ചതിനുശേഷം) അമ്മ വീട്ടിലുണ്ടെന്നല്ലേ കുട്ടി പറഞ്ഞതു്?

കുട്ടി—അമ്മ വീട്ടിലുണ്ടു്. പക്ഷെ ഇതു് ഞങ്ങളുടെ വീടല്ല.



Digitized by Kerala Sahitya Akademi